പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3991 — 27-06-2012 - ൽ മറുപടിയ്ക്ക്

കുളങ്ങൾ, കിണറുകൾ എന്നിവയുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വർദ്ധിച്ചുവരുന്ന ജലദൗർലഭ്യം ശാശ്വതമായി പരിഹരിക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; | (എ) വർദ്ധിച്ചുവരുന്ന ജലദൗർലഭ്യം ശാശ്വതമായി പരിഹരിക്കുന്നതിന് സംസ്ഥാനത്തെ കുളങ്ങളുടെയും ടാങ്കുകളുടെയും അറ്റകുറ്റപണികൾ നടത്തുകയും ഇവയിലെ എക്കൽ നീക്കം ചെയ്ത് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾ ജലസേചന വകുപ്പ് നടപ്പിലാക്കിവരുന്നു.<br><br>സംസ്ഥാനത്തെ കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 2011-15 കാലയളവിലേക്കായി 50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2011-13-ൽ നവീകരണത്തിനായി 103 കുളങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.<br><br>2010-11 സാമ്പത്തിക വർഷത്തിലെ പ്ലാൻ പ്രൊപ്പോസലിൽ കുളങ്ങളുടെ നവീകരണത്തിനായി 28.22 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. 28.22 കോടി രൂപയ്ക്ക് 165 കുളങ്ങളുടെ നവീകരണത്തിനായി ഭരണാനുമതിയും നൽകിയിരുന്നു. ഇതിന്റെ പ്രവൃത്തികൾ ആരംഭിക്കുകയും 82 കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. |

......2.

2011-12 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിലെ കുളങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് 5.99 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വകുപ്പുതലത്തിൽ നടന്നുവരുന്നു.

2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പഞ്ചായത്തിലെ ഒരു കുളം വീതം നവീകരിക്കുന്നതിന് 47 കോടി രൂപ നീക്കിവച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട കുളങ്ങളുടെ പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 35 കോടി രൂപ ടാങ്കുകളുടെ നവീകരണത്തിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പദ്ധതി വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു.

പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 50 കോടി രൂപയിൽ 2013-15 വർഷങ്ങളിൽ നവീകരിക്കേണ്ട കുളങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പുരോഗമിച്ചുവരുന്നു.

ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ (ഭാഗീകമായോ, പൂർണ്ണമായോ ജലവിതരണ ശൃംഖല ഇല്ലാത്ത പ്രദേശങ്ങളിൽ) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ കുടിവെള്ള പദ്ധതികൾ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ 50 പദ്ധതികൾക്കായി 1 കോടി രൂപ പ്രസ്തുത പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കേരളത്തിൽ വ്യാപകമായി കാണുന്ന കുളങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിനായി വർഷം തോറും ഒരു നിശ്ചിത തുക ഗ്രാന്റായി ഇതിന്റെ കൈവശക്കാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | തല്ക്കാലം പരിഗണനയിലില്ല. |
| (സി) | നിലവിലുള്ള കിണറുകൾ മൂടുന്നത് കർശനമായി തടയുവാൻ ഇപ്പോൾ എന്തു നടപടിയാണ് സ്വീകരിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ ? | (സി) | നിലവിലുള്ള കിണറുകൾ മൂടുന്നത് തടയുവാൻ നടപടി എടുക്കുവാൻ നിലവിൽ നിയമങ്ങളില്ല. എന്നിരുന്നാലും കിണറുകൾ സംരക്ഷിക്കുന്നതിനുള്ള പ്രചരണപരിപാടികൾ സംഘടിപ്പിക്കുന്നതാണ്. |

Bindu

**സെക്ഷൻ ഓഫീസർ.**

BK